ഭക്ഷ്യസാധനങ്ങൾ നേരിട്ട് വാങ്ങി വിതരണം ചെയ്യാനുള്ള പദ്ധതി

16 (*164) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. ആർ. ബാലൻ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ആവശ്യത്തിലേക്കുള്ള അരി, ഗോതമ്പ്, പഞ്ചസാര എന്നീ ഭക്ഷ്യസാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ടു വാങ്ങി വിതരണം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് ഭക്ഷ്യസാധനങ്ങൾ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നും നേരിട്ടു വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ നേരിട്ടുവാങ്ങി വിതരണം ചെയ്യുവാനുള്ള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ദീർഘകാലാടിസ്ഥാനത്തിലും നിശ്ചിത വിലയ്ക്കും ഭക്ഷ്യസാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കാൻ ഉൽപാദന കേന്ദ്രങ്ങളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഭക്ഷ്യസാധനങ്ങൾ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും നേരിട്ട് ലഭ്യമാക്കാനുള്ള പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) അരി, പഞ്ചസാര എന്നിവ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതു സംബന്ധിച്ച് സാദ്ധ്യത ആരാഞ്ഞുകൊണ്ട് പഞ്ചാബ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക സംസ്ഥാനങ്ങളിലെ ഭക്ഷ്യവകുപ്പു സെക്രട്ടറിമാർക്ക് കത്ത് എഴുതിയിട്ടുണ്ട്.

(സി) പഞ്ചാബ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, കർണ്ണാടക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രസർക്കാർ ക്രമേണ ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് റേഷൻ വിതരണം നിറുത്താൻ ആലോചിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഭക്ഷ്യവിതരണ രംഗം കാര്യക്ഷമമാക്കി, ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സുലഭമായി ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ & എഫ്) സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു.

തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്നത് തടയാൻ നടപടി

17 (*165) ശ്രീ. കെ. എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പ, അച്ചൻകോവിൽ, നദികളിൽ നിന്നും തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്ന വിവരം വനം, ജലസേചനവകുപ്പുകൾ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) അനധികൃതമായി ജലം ചോർത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃത ജലാപഹരണം എന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-സി) ഇല്ല. ഇത്തരം ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വനം, ജലസേചന ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലപരിശോധന നടത്തിയെങ്കിലും ജലം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ മുൻകാലങ്ങളിൽ കുതിരകെട്ടിയിൽ നിന്നും 2. കി. മീ. വടക്ക് കിഴക്ക് മാറി ചുറ്റുവഴി എന്ന സ്ഥലത്ത് മൺകൂനയുണ്ടായി ചാല് കീറി തമിഴ്നാട്ടിലേക്ക് വെള്ളം കടത്താൻ ശ്രമം നടന്നെങ്കിലും വനംവകുപ്പ് ഈ ശ്രമം വിഫലമാക്കുകയായിരുന്നു. സംസ്ഥാനത്തെ ജലസമ്പത്ത് അനധികൃതമായി ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി തൃശൂർ ഇൻവെസ്റ്റിഗേഷൻ സൂപ്രണ്ടിംഗ് എൻജിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേസിനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ വിജിലൻസ് ഓഫീസർമാരായി ഒരു സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ അംഗീകാരമില്ലാത്ത കോഴ്സുകൾ

18 (*166) ശ്രീ. ടി നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ബിരുദാനന്തര ബിരുദകോഴ്സുകൾ നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly